# പെൺപക്ഷവും ഇസ്‌ലാമും

**എം. എം. അക്ബർ**

വിഗ്രഹവത്കരിച്ച്  അടിമയാക്കിത്തീർക്കുക’ എന്നതാണ് പെണ്ണിനോട് എന്നും ആൺകോയ്മ അനുവർത്തിച്ചുവന്ന നിലപാട്. അബലയാണ് സ്ത്രീ എന്നത് ഒരു വസ്തുതയാണ്. ശാരീരികവും വൈകാരികവുമായ ഈ അബലത യഥാർഥത്തിൽ ഒരു ന്യൂനതയല്ല; അവരുടെ ദൗത്യനിർവഹണത്തിനാവശ്യമായ അനുകൂലനമാണ്. ഈ തിരിച്ചറിവ് ഇല്ലാതെയാകുമ്പോൾ ‘അടിമയാക്കിത്തീർക്കൽ’ എളുപ്പമായിത്തീരുന്നു. താൻ നിലനിൽക്കുന്ന അടിമപ്പണിയാണ് ഏറ്റവും നല്ല കിടപ്പിടമെന്ന ധാരണ വളർത്തിയാൽ അതിൽനിന്ന് മോചിതമാകുവാനുള്ള ബോധപൂർവമായ ശ്രമങ്ങളൊന്നുമുണ്ടാവില്ലെന്ന് യജമാനന്മാർക്ക് നന്നായി അറിയാം. പെണ്ണിനെ അടിമപ്പെടുത്തുന്ന ആൺകോയ്മയാണ് ഈ യജമാനസൂത്രം സമർഥമായി പ്രയോഗിച്ചിട്ടുള്ളത്; അന്നും ഇന്നും.

ഭാരതത്തിൽ നിലനിന്നിരുന്ന, സ്ത്രീവിരുദ്ധ സമ്പ്രദായങ്ങളെന്ന് എല്ലാവരും ആണയിടുന്ന, സതിയും ദേവദാസി സമ്പ്രദായവുമെടുക്കുക. ഭർത്താവിന്റെ ചിതയിൽ എരിഞ്ഞമരുവാനുള്ള ക്ഷത്രിയ സ്ത്രീകളുടെ തീരുമാനം വന്നിരുന്നത് വിഗ്രഹവത്കരിക്കപ്പെട്ട ഈ അടിമത്തത്തിൽ നിന്നായിരുന്നുവെന്നത് വ്യക്തമാണ്. ‘‘സതിയനുഷ്ഠിച്ചാൽ സതീദേവിയായി അറിയപ്പെടും, അടുത്ത ജന്മം ഉത്തമമായിരിക്കും. ഇല്ലെങ്കിലോ ഇവിടെ തല മൊട്ടയടിച്ച് വെള്ള വസ്ത്രം ധരിച്ച് ശപിക്കപ്പെട്ടുകൊണ്ട് അധഃസ്ഥിതയായി ജീ വിക്കണം; അടുത്തതോ നികൃഷ്ട ജന്മവും’’. ഇതായിരുന്നു തന്നോടൊപ്പം ശയിച്ച വൾ ഇനി മറ്റാരോടുമൊപ്പം ശയിച്ചുകൂടായെന്ന ക്ഷത്രിയ ആൺകോയ്മയുടെ ചിന്തയിൽ നിന്നുണ്ടായ സതിയുടെ ആദർശവത്കരണം. ‘ആയിരങ്ങളാൽ സതീദേവിയായി വാഴ്ത്തപ്പെടുക’യെന്ന വിഗ്രഹവത്കരണം വഴി ആൺകോയ്മ സാധിച്ചെടുത്തത് ഒരു തരത്തിലും ന്യായീകരിക്കാനാവാത്ത തന്റെ ലൈംഗിക സ്വാർഥതയെ അടിച്ചേൽപിക്കുകയാണ്. ബ്രാഹ്മണന്റെ കാമപൂർത്തീകരണത്തിന് സ്വന്തം പെൺമക്കളെ അണിയിച്ചൊരുക്കി പറഞ്ഞയക്കുന്ന മാതാപിതാക്കളുടെ മനസ്സിൽ അവർ ദേവദാസികളായി വാഴ്ത്തപ്പെടണം എന്ന ചിന്തയായിരുന്നു. മോഹിനിയാട്ടം നടത്തി ബ്രാഹ്മണന് തന്റെ മാംസം അളക്കുവാനും അങ്ങനെ ആവശ്യമുള്ളതിനെ തെരഞ്ഞെടുക്കുവാനും അവസരമൊരുക്കിക്കൊടുത്തിരുന്ന യുവതികളുടെ മനസ്സ് ദേവദാസിയായതിലുള്ള ആനന്ദാതിരേകത്തിലായിരുന്നിരിക്കണം. ലൈംഗിക ചൂഷണം എത്ര സമർഥമായാണ് വിഗ്രഹവത്കരിക്കപ്പെടുന്നതെന്ന തിന് ഭൂതകാലസമൂഹത്തിൽ നിന്നുള്ള ഏറ്റവും നല്ല ഉദാഹരണമാണിത്.

സ്പർശത്തിൽ നിന്നു പോലും മാറ്റിനിർത്തപ്പെടേണ്ട, ആത്മാവില്ലാത്തവളെന്ന് സഭാപിതാക്കന്മാർ നൃശംസിച്ച പെണ്ണിനെ സമർഥമായി എങ്ങനെ ചൂഷണം ചെയ്യാമെന്ന് വ്യാപകവും പ്രായോഗികവുമായി കാണിച്ചുതന്നത് കത്തോലിക്കാസഭയാണ്. പെണ്ണിന്റെ പൂർണതയ്ക്ക് അനിവാര്യമായ ലൈംഗികത, ഗർഭധാരണം, മുലയൂട്ടൽ, പരി ലാളനം തുടങ്ങിയവയിൽ നിന്നെല്ലാം അവളെ അകറ്റിനിർത്തി അവിടേക്ക് ഒഴുകേണ്ടിയിരുന്ന ഊർജത്തെ മുഴുവൻ സഭാസ്ഥാപനങ്ങളുടെ നിലനിൽപ്പിലേക്കും നടത്തിപ്പിലേക്കും ഒഴുക്കിയതിനു പിന്നിലെ ആൺബുദ്ധി അപാരം തന്നെയാണ്. ‘കർത്താവിന്റെ മണ വാട്ടി’യെന്ന വിഗ്രഹവത്കരണത്തിലൂടെ തികച്ചും സ്ത്രീവിരുദ്ധമായ ‘കന്യകാത്വ’ത്തെ പുണരുവാൻ പെണ്ണിനെ സജ്ജമാക്കുവാൻ ആൺകോയ്മക്ക് കഴിയുന്നുവെന്നതാണ് വാസ്തവം.

ആഗോളവത്കരണത്തിലും ഉദാരീകരണത്തിലുമെല്ലാം സംഭവിക്കുന്നതും മറ്റൊന്നല്ല. സ്ത്രീപ്രകൃതിക്ക് വിരുദ്ധമായ കാര്യങ്ങളെ വിഗ്രഹവത്കരിച്ച് അവൾ അങ്ങനെയാകണമെന്ന് പഠിപ്പിക്കുകയും അതുവഴി അവളെ കച്ചവടം ചെയ്യാൻ കഴിയുകയും ചെയ്യുന്നുവെന്നതാണ് വാസ്തവം. പെണ്ണാണെങ്കിൽ പണിവേണമെന്നത് ആഗോളീകരണത്തിന്റെ ഒന്നാം പാഠം. പണിയെടുക്കുമ്പോൾ ഉപഭോക്താക്കളെ ആകർഷിക്കുന്ന രീതിയിൽ വസ്ത്രമുടുക്കണമെന്നതും ബിസിനസ് പിടിക്കാനായി ശൃംഗാരവും കൊച്ചുവർത്താനവുമെല്ലാം വേണമെന്നതും ഔദ്യോഗിക ഉയർച്ചക്ക് ആവശ്യമെങ്കിൽ ഒന്നു കിടപ്പറ പങ്കിട്ടാൽ യാതൊന്നും വരാനില്ലെന്നതുമെല്ലാം ഇതിന്റെ അടുത്ത പാഠങ്ങളാണ്. അവൾ ‘പ്രൊഫഷണൽ എക്സലൻസി’നു വേണ്ടി കിടപ്പറകൾ മാറുമ്പോൾ പുറത്ത് ലൈംഗിക ഉദാരീകരണത്തിന്റെ പെരുംമഴയാണ്. ഈ മഴയുണ്ടാകുന്നതാകട്ടെ ആഗോളീകരണത്തിന്റെ മെഗാഫോണുകളായ മീഡിയകളും! പെണ്ണിന്റേതായ എല്ലാം പണയപ്പെടുത്തുവാൻ പാകത്തിൽ അവളെ മസ്തിഷ്ക പ്രക്ഷാളനം ചെയ്യാനും അതിന്നായി ആധുനിക വനിതാസങ്കൽപങ്ങ

ളെ വിഗ്രഹവത്കരിക്കുവാനും ഉദാരീകരണത്തിന് പിന്നിലെ ആൺബുദ്ധിക്ക് കൃത്യമായി അറിയാം; അത വർ സമർഥമായി ഉപയോഗിക്കുന്നതാണ് ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്നത്.

ഇവിടെയാണ് ദൈവിക ബോധനത്തിന്റെ പ്രസക്തി. പെണ്ണും ആണും എങ്ങനെയാകണമെന്ന് പടച്ചവൻ പ ഠിപ്പിച്ചില്ലെങ്കിൽ മറ്റാർക്കും അതു പഠിപ്പിക്കാനാവില്ലെന്നതാണ് യാഥാർഥ്യം. പുരുഷപ്രകൃതിയെയും സ്ത്രീ പ്രകൃതിയെയും കുറിച്ച് ഏറ്റവും നന്നായി അറിയുക അവർ ഇരുവരെയും സൃഷ്ടിച്ചവന് തന്നെയാണല്ലോ. അവൻ പഠിപ്പിച്ച മാർഗദർശന പ്രകാരം ഇരുവരും ജീവിക്കുകയാണെങ്കിൽ അവിടെ പ്രത്യക്ഷമോ പരോക്ഷ മോ ആയ ചൂഷണങ്ങൾ ഒന്നുംതന്നെയുണ്ടാവുകയില്ല. സ്ത്രീ–പുരുഷ ബന്ധങ്ങളെയും പാരസ്പര്യത്തെ യും സംബന്ധിച്ച ഇസ്ലാമികനിയമങ്ങൾ പൂർണമായും മാനവികവും ചൂഷണമുക്തവുമാണെന്ന വസ്തുത ഇത് സുതരാം വ്യക്തമാക്കുന്നുണ്ട്. ഈ സത്യം തിരിച്ചറിയുന്നതുകൊണ്ടാണ് ഇസ്ലാമിനെതിരെയുള്ള സ് ത്രീപക്ഷ വിമർശനമുണ്ടാവുന്നത്. സാമ്പത്തിക സ്വാതന്ത്ര്യവും സമത്വവുമാണ് പ്രധാനമായും പെണ്ണിനാവ ശ്യമെന്ന് സമർഥിക്കാൻ ശ്രമിക്കുന്ന പെൺപക്ഷത്തുള്ളവർ യഥാർഥത്തിൽ ആൺ കോയ്മയുടെ കുഴലൂ ത്തുകാരാണ്. 'സാമ്പത്തിക സ്വാതന്ത്ര്യവും സമൂഹത്തിന്റെ അംഗീകാരവുമുള്ള വനിത'യെന്ന വിഗ്രഹം കാ ണിച്ച് അതിലെത്തണമെങ്കിൽ തനിക്കുള്ളതെല്ലാം അടിമപ്പെടുത്തണമെന്നാണ് അവർക്ക് പെണ്ണിന് നൽകാ നുള്ള ഉപദേശം. ഈ കുഴലൂത്തുകാർ പറയുന്നിടത്ത് എത്തുവാൻ അവളുടെ ജൈവികവും വൈകാരികവു മായ പ്രകൃതി അവളെ അനുവദിക്കുകയില്ലെന്ന് അവർക്ക് നന്നായി അറിയാം. അവൾക്കുള്ളതെല്ലാം ചൂഷ ണം ചെയ്യുവാനുള്ള മുതലാളിത്തത്തിന്റെ ചൂണ്ടലാണിത്. അത് തിരിച്ചറിയുകയും പ്രതിരോധം തീർക്കുക യും ചെയ്യുന്നത് ഇസ്ലാം മാത്രമാണ്. ആഗോളീകരണത്തിന്റെ വക്താക്കൾക്ക് ഇസ്ലാം വെറുക്കപ്പെട്ട തായിത്തീരുന്നത് ഈ പ്രതിരോധം കൊണ്ടാണെന്നതാണ് വാസ്തവം.

മറ്റേതൊരു വിമർശനത്തെയും പോലെത്തന്നെ സ്ത്രീപക്ഷ വിമർശനങ്ങളെയും പ്രമാണങ്ങളുടെ വെളിച്ച ത്തിൽ നേരിടാൻ പ്രബോധകർക്ക് കഴിയണം. വിമർശനങ്ങളെ ഭയന്ന്, വിമർശകർക്ക് പഥ്യമായ രീതിയിൽ ഇസ്ലാമിനെ വളച്ചൊടിക്കുന്നതിന് പകരം ഓരോ വിഷയത്തിലും പ്രമാണങ്ങൾ പറയുന്നിടത്ത് നിൽക്കു വാൻ പ്രബോധകർക്ക് കഴിയണം. അപ്പോഴാണ് നാം ഇസ്ലാമിനെ പ്രബോധനം ചെയ്യുന്നവരായിത്തീരുക. അപ്പോൾ മാത്രമാണ് നമുക്ക് അല്ലാഹുവിന്റെ സഹായമുണ്ടാവുക!